# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം

ഫെബ്രുവരി 23, 2018 കരമന, തിരുവനന്തപുരം

## <u>പത്രക്കുറിപ്പ്</u>

### <u>ചരക്കുസേവനനികുതി വകുപ്പിന്റെ ദ്വിദിന പോസ്റ്റ് ബഡ്ജറ്റ് വർക്ക് ഷോപ്പ് ധനമന്ത്രി ഉദ്ഘാടനം ചെയ്തു.</u>

തിരുവനന്തപുരം- സംസ്ഥാന ചരക്കുസേവനനികുതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 19, 20 തീയതികളിൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനില് സംഘടിപ്പിച്ച പോസ്റ്റ് ബഡ്ജറ്റ് വർക്ക് ഷോപ്പ് സംസ്ഥാന ധനകാര്യ കയര് വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്തു.

ജി.എസ്.ടി വകുപ്പ് പ്രിൻസിപ്പല് സെക്രട്ടറി & കമ്മീഷണർ, ജോയിന്റ് കമ്മിഷണർമാര്, അസസ്സ്മെന്റ്, ഇന്റലിജന്റ്സ് വിഭാഗം ഡെപ്യൂട്ടികമ്മീഷണർമാര്, അസിസ്റ്റന്റ് കമ്മീഷണർമാര്, അപ്പീൽ വിഭാഗം ഡെപ്യൂട്ടികമ്മീഷണർമാര്, അസിസ്റ്റന്റ് കമ്മീഷണർമാര് എന്നിവര് രണ്ടുദിവസത്തെ വർക്ക് ഷോപ്പില് പങ്കെടുത്തു.

വർക്ക് ഷോപ്പിന്റെ ആദ്യദിനം ജി.എസ്.ടി യുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കായി നീക്കിവച്ചു. ഉദ്യോഗസ്ഥർ നാലു ഗ്രൂപ്പുകളായി തിരിച്ച് ചർച്ചകള് നടത്തുകയും താഴെപറയുന്ന പ്രകാരമുള്ള കർമ്മപദ്ധതി അവതരിപ്പിച്ചു.

1. ജി.എസ്.ടി ഇൻഫർമേഷന് സിസ്റ്റം - അധിക ആവശ്യങ്ങളും എം ഐ എസും

2. ജി.എസ്.ടി യുടെ അവസാന മൂന്നു ത്രൈമാസത്തെ ജോലികൾ ഫെബ്രുവരി, മാർച്ച് മാസത്തിൽ പൂർത്തീകരിക്കാനുള്ള കർമ്മ പദ്ധതി

3. വകുപ്പിന്റെ ഘടനയും കപ്പാസിറ്റി ബിൽഡിംഗും ഭൗതികസൗകര്യങ്ങളും

4. ജി.എസ്.ടി കാലഘട്ടത്തിലെ ഇന്റലിജൻസും എൻഫോഴ്സ്മെന്റും

കേരള ജി.എസ്.ടി യുടെ ബാക്ക്എൻഡ് മൊഡ്യൂള് മെച്ചപ്പെടുത്തുന്നതിനായി ഉദ്യോഗസ്ഥരുടെ പ്രായോഗിക വിലയിരുത്തലുകൾ സമയാസമയം ലഭ്യമാക്കാന് തീരുമാനമായി. മാർച്ച് അവസാനത്തോടുകൂടി മൈഗ്രേറ്റ് ചെയ്യുകയും എന്നാല് രജിസ്ട്രേഷന്

പൂർത്തിയാക്കാത്തതുമായ ഡീലർമാരുടെ രജിസ്ട്രേഷന് പരിശോധനയ്ക്ക് വിധേയമാക്കുകയും രജിസ്ട്രേഷൻ ഒഴിവാക്കുകയും ചെയ്യും. രജിസ്ട്രേഷൻ എടുക്കാത്ത ഇത്തരക്കാർക്ക് ജി.എസ്.ടി പിരിക്കാൻ സാധിക്കില്ല. ഇന്റലിജൻസ് വിഭാഗം ഇത്തരം ഡീലർമാരെ നിരീക്ഷണവിധേയമാക്കും. ഡീംഡ് രജിസ്ട്രേഷൻ ലഭിച്ച വ്യാപാരികളുടെ രജിസ്ട്രേഷന്റെ കൃത്യത നിർണ്ണയിക്കാന് ഓഫീസർമാർക്ക് നിർദ്ദേശം നൽകി. വ്യാപാരികളുടെ വാറ്റ് കാലഘട്ടത്തിലെ നികുതി അടവും ജി.എസ്.ടി കാലഘട്ടത്തിലെ നികുതി അടവും ക്രെഡിറ്റ് എടുക്കുന്നതും വിശദമായി പരിശോധിക്കും. നിലവിൽ 83,642 വ്യാപാരികൾ ജി.എസ്.ടി 3ബി റിട്ടേണും 2,61,527 വ്യാപാരികൾ ജി.എസ്.ടി.ആർ 1 റിട്ടേണും ഫയൽ ചെയ്യാനുണ്ട്. റിട്ടേൺ ഫയല് ചെയ്യാത്ത വ്യാപാരികളുടെ ലിസ്റ്റ് തയ്യാറാക്കുകയും ഓഫീസർമാര് നേരിട്ട് ബന്ധപ്പെട്ട് റിട്ടേണ് ഫയല് ചെയ്യാൻ പ്രേരിപ്പിക്കുകയും വേണം. ക്രെഡിറ്റ് എടുത്തതിലെ അപാകതകൾ കണ്ടെത്തിയാല് കൂടുതൽ പരിശോധനകൾക്കായി ഇന്റലിജൻസിനെ ഏൽപ്പിക്കണം. കെ.ഇ.ആർ 1,2,3 ഉം ഇ-വേ ബില്ലിലെയും വിവരങ്ങൾ റിട്ടേണുമായി താരതമ്യപ്പെടുത്തും. അതിനാൽ എല്ലാ വ്യാപാരികളും ശരിയായ റിട്ടേൺ സമർപ്പിക്കാന് അഭ്യർത്ഥിക്കുന്നു.

കുറഞ്ഞ വളർച്ചാനിരക്ക് പരിഹരിക്കാന് ശക്തമായ അതിർത്തി പരിശോധനയും വാഹന, അനധികൃത ചരക്കുകൾ സൂക്ഷിച്ചിരിക്കുന്ന കടകളിലും പരിശോധന ശക്തമാക്കണമെന്ന് ഉദ്യോഗസ്ഥർ നിർദ്ദേശിച്ചു.

രണ്ടാംദിനത്തിൽ വാറ്റ് ജോലികളുടെ പൂർത്തീകരണം ചർച്ചയായി. കമ്പ്യൂട്ടർ പ്രോഗ്രാമിന്റെയും നൂതന അൽഗോരിതങ്ങളുടെയും സഹായത്തോടെ വാറ്റ് നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്ക്രൂട്ടണി നടത്തുന്ന സംവിധാനം പ്രിൻസിപ്പല് സെക്രട്ടറി & കമ്മീഷണർ അവതരിപ്പിച്ചു. മുൻകാലങ്ങളില് സ്ക്രൂട്ടണി മാന്വലായി നടത്തുന്നതിനാല് ഉദ്യോഗസ്ഥര് ഡേറ്റ വിശകലനത്തിനും തീരുമാനമെടുക്കുന്നതിനും ബുദ്ധിമുട്ടുകൾ നേരിട്ടിരുന്നു. ഇതിന്റെ ഏറ്റവും വലിയ പോരായ്മ സ്ക്രൂട്ടണി ദിവസങ്ങൾ മുതല് വർഷങ്ങള് വരെ നീളുന്നുവെന്നതായിരുന്നു. ഇത് സാമ്പത്തികനഷ്ടത്തിനും എല്ലാ തലങ്ങളിലും ജോലി കുമിഞ്ഞുകൂടുന്നതിനും ഇടയാക്കി. ഇതിന്റെ പ്രധാന ഇര നികുതിനിർണ്ണയത്തിന്റെ ഗുണനിലവാരമായിരുന്നു.

വർക്ക്സ് കോൺട്രാക്ടിലേയും ഗോൾഡ് വിഭാഗത്തിലേയും ഓരോ ഫയല് വീതം സ്ക്രൂട്ടണി നടത്തി മൊഡ്യൂൾ ഓഫീസർമാർക്ക് പരിചയപ്പെടുത്തി. വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സ്ക്രൂട്ടണി മൊഡ്യൂളില് പരിശീലനം നൽകിയിട്ടുണ്ട്. റിട്ടേൺ അസസ്മെന്റ് നടത്തുന്നതിനുള്ള വളരെ ലളിതമായ സംവിധാനമാണ് സ്ക്രൂട്ടണി മൊഡ്യൂള്.

<u>സ്ക്രൂട്ടണി മൊഡ്യൂൾ കൊണ്ടുള്ള പ്രധാന ഗുണങ്ങള്</u>

1. നിയമത്തിന്റെയും നികുതിനിരക്കിന്റെയും ശരിയായ വിനിയോഗം

2. സ്ക്രൂട്ടണിക്കുള്ള സമയം വർഷത്തിൽനിന്ന് മിനിട്ടുകളായി

3. സുതാര്യമായ പ്രവർത്തനം

4. വിവേചനാധികാരം പരിമിതപ്പെടുത്തുക

5. ഉപയോഗിക്കാൻ ലളിതം

6. ലഭ്യമായ എല്ലാ വിവരങ്ങളുടെയും ഉപയോഗം

സ്റ്റാറ്റ്യൂട്ടറി രേഖകളുടെ ശേഖരണവും സ്കൂട്ടണിയും അസസ്സ്മെന്റും സമയബന്ധിതമായി പൂർത്തീകരിക്കാന് എല്ലാ അസസ്സിംഗ് ഉദ്യോഗസ്ഥർക്കും ഡെപ്യൂട്ടി കമ്മീഷണർമാർക്കും നിർദ്ദേശം നൽകി. സ്റ്റാറ്റ്യൂട്ടറി രേഖകൾ സമർപ്പിക്കുന്നതിനുള്ള പൂർണ്ണ അവസരം നൽകുന്നതിലൂടെ നിയമപരമായ വ്യപാരവും നികുതിഭരണവും മെച്ചപ്പെടും.

സ്റ്റാറ്റ്യൂട്ടറി രേഖകൾ സമർപ്പിക്കാത്ത എല്ലാ വ്യാപാരികളും രേഖകള് സമർപ്പിക്കാന് അഭ്യർത്ഥിക്കുന്നു.

കൂടാതെ വർക്ക്ഷോപ്പില് വകുപ്പിലെ ഫയൽനീക്കത്തിന്റെ ഭരണപരമായ പ്രശ്നങ്ങളും പരിശോധിച്ചു. നാലായിരം ഫയലുകളിലെ ബാക്കിയുള്ള ജോലികൾ 2018 മാർച്ച് 16 ന് മുമ്പും കെട്ടിക്കിടക്കുന്ന മറ്റു ഫയലുകൾ അടുത്ത 3 മാസത്തിനുള്ളിലും തീർപ്പാക്കാന് തീരുമാനിച്ചു.

സ്കൂട്ടണിയും അസസ്സ്മെന്റും ചിട്ടയോടുകൂടി ഈ വർഷം തന്നെ പൂർത്തീകരിക്കുമെന്ന് ഓഫീസർമാര് ഉറപ്പ് നൽകി.

********************

*The basic data as on date – 22nd Feb 2018

| New Registration Application | |
|---|---|
| New Application Received | 37663 |
| Approved by Tax officers | 4604 |
| Show cause notice raised | 4042 |
| Rejected by Tax | 1623 |

| | |
|---|---|
| officers | |
| Auto approved | 30371 |

GST REGISTRATION

| Category | Regular | Composition | Total |
|---|---|---|---|
| New | 43020 | 8895 | 51915 |
| Migrated | 194810 | 35856 | 230666 |
| CBEC | 28710 | 2337 | 31047 |
| Total Registration | 266540 | 47088 | 313628 |